ഇ.എച്ച് 1/105529/18/ആവ ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 11/1/2019

## സർക്കുലർ

വിഷയം - ആ.വ.ഡ- 2019 ലെ പൊതു സ്ഥലമാറ്റത്തിലെ സ്പാർക്ക് അപ്ഡേഷൻ സംബന്ധിച്ച്.

സൂചന -1) സർക്കാർ ഉത്തരവ് നമ്പർ 3822/18 ആ.കുവ തീയതി 29.12.2018

2) ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ തീയതി 4.1.2019

സ്ഥാപന മേധാവികൾ സ്ഥാപനങ്ങളിൽ അനുവദിച്ച എല്ലാ തസ്തികകളും സ്പാർക്കിൽ അപ്ഡേറ്റ് ചെയ്തതായി കാണുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിരിക്കുന്നു. ഇക്കാരണത്താൽ പൊതുസ്ഥലമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്ന ജീവനക്കാർക്ക് സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ സ്പാർക്കിൽ ലഭ്യമാകാതെ വരികയും നിശ്ചിത സമയത്തിനുള്ളിൽ അവർക്ക് പൊതു സ്ഥലമാറ്റത്തിന് അപേക്ഷ സമർപ്പിക്കാൻ കഴിയാതെ വരുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകുന്നു.

എല്ലാ അനുവദിച്ച തസ്തികകളും സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യണമെന്ന് നിരവധി തവണ കർശന നിർദ്ദേശം നൽകിയിട്ടും ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകുന്നത് അനുവദിക്കാൻ കഴിയുന്നതല്ല. ആയതിനാൽ എല്ലാ സ്ഥാപനമേധാവികളും താങ്കളുടെ സ്ഥാപനത്തിന് അനുവദിച്ച എല്ലാ തസ്തികകളും, സ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ പൂർണ്ണ വിവരങ്ങളും കൃത്യമായി സ്പാർക്കിൽ ഇന്നു തന്നെ അപ്ഡേറ്റ് ചെയ്യണമെന്ന് ഒരിക്കൽ കൂടി നിർദ്ദേശം നൽകുന്നു. സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യാത്ത കാരണത്താൽ പൊതു സ്ഥലമാറ്റ അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സമുണ്ടാകുന്ന പക്ഷം സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ഒപ്പ്,
ഡോ.സരിത.ആർ.എൽ
ആരോഗ്യവകുപ്പ് ഡയറക്ടർ

**സ്വീകർത്താവ്**

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും

**പകർപ്പ്**

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

//അംഗീകാരത്തോടെ//

സൂപ്രണ്ട്

GOVERNMENT OF KERALA 2017-18